**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1626** **05-07-2022 - ൽ മറുപടിയ്ക്ക്**

**നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ. ബാബു (നെന്മാറ)</td><td colspan="2">ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;</td><td>(എ)</td><td>നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ ചുവടെ പറയുന്ന വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br><u>1) നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും പദ്ധതി.</u><br><br>ഈ പദ്ധതി പ്രകാരം 10000 ഫാഷൻ ഫ്രൂട്ട് തൈകളും 30000 അലങ്കാരതൈകളും ഉത്പാദിപ്പിച്ച് വിതരണം നടത്തിയിട്ടുണ്ട്. 4000സ്ട്രോബറി തൈകൾ, 600 ഫാഷൻ ഫ്രൂട്ട് തൈകൾ, 120 മുസംബി തൈകൾ, 600 ഡ്രാഗൺ ഫ്രൂട്ട് തൈകൾ എന്നിവയും മാതൃസസ്യങ്ങളായി വാങ്ങി ഫാമിൽ നട്ടിട്ടുണ്ട്. കൂടാതെ ഫാമിലെ പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിന് കാട്ടുവെട്ട് യന്ത്രങ്ങൾ, യന്ത്രവൽകൃത വാളുകൾ, ബാറ്ററിയിൽ പ്രവർത്തിക്കുന്ന സ്പ്രെയറുകൾ തുടങ്ങിയവയും, വിവിധ നടീൽ വസ്തുക്കൾ ഉത്പാപ്പാദിപ്പിക്കുന്നതിന് ആവശ്യമായ മറ്റ് ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.<br><br><u>(2) ഫലവർഗ്ഗവിള വികസന പദ്ധതി</u><br><br>ഈ പദ്ധതി പ്രകാരം ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനായി 320 ചതുരശ്ര മീറ്ററിന്റെ ഒരു ഹൈടെക് പോളി ഹൗസ് നിർമ്മിക്കുകയും കാപ്പി, പച്ചക്കറി, ഓറഞ്ച് എന്നീ വിളകൾക്ക് ആവശ്യമായ ജലസേചന സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. കൂടാതെ വിവിധ ഇനത്തിലുള്ള 2,68,000 തൈകളും 25000 കാപ്പിതൈകളും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. "ഫലസംസ്കരണത്തിന്റെ" ഭാഗമായി സ്ക്വാഷ്, ജാം, ജെല്ലി എന്നിവയുടെ 10,000 ബോട്ടിലുകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തിയിട്ടുണ്ട്. നിലവിൽ ഫലസംസ്കരണം കാര്യക്ഷമമായി നടത്തിവരുന്നു.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത പ്രവർത്തനങ്ങൾക്കായി എത്ര തുകയുള്ള ഫണ്ടാണ് വകയിരുത്തിയിട്ടുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കുമോ?</td><td>(ബി)</td><td><table><tr><td>1)</td><td>നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും പദ്ധതി</td><td>-</td><td>32,68,212/- രൂപ</td></tr><tr><td>2)</td><td>ഫലവർഗ്ഗവിള വികസന പദ്ധതി</td><td>-</td><td>40,00,000/-രൂപ</td></tr></table></td></tr>
</table>

സെക്ഷൻ ഓഫീസർ